LIBRARY ARCHIVES Kerala Legislative Assembly

(27) ഡിപ്ലോമ ഇൻ എജ്യുക്കേഷൻ പാഠ്യപദ്ധതി പരിഷ്കരിച്ച് ഡിപ്ലോമ ഇൻ എലിമെന്ററി എജ്യുക്കേഷൻ (ഡി.എൽ.എഡ്.) എന്ന പേരിൽ സംസ്ഥാനത്ത് നടപ്പിലാക്കി. അദ്ധ്യാപക വിദ്യാഭ്യാസത്തിനുള്ള പ്രീ-സ്കൂൾ ഡിപ്ലോമ പാഠ്യപദ്ധതി പരിഷ്കരിച്ച് അടുത്ത അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കും.

(28) സംസ്ഥാന സർക്കാരിന്റെ ഭാഷാനയം നടപ്പിലാക്കുന്നതിനായി ഒന്ന്, രണ്ട്, മൂന്ന്, നാല് ക്ലാസുകളിൽ തമിഴ്, കന്നഡ ഭാഷകൾ മാതൃഭാഷയായിട്ടുള്ള കുട്ടികൾക്ക് മലയാളം പഠിക്കുന്നതിന് പാഠപുസ്തകങ്ങളും അവയുടെ അദ്ധ്യാപക സഹായികളും എസ്.സി.ഇ.ആർ.ടി. വികസിപ്പിച്ചിട്ടുണ്ട്.

(29) ഹയർ സെക്കണ്ടറി വിദ്യാർത്ഥികളെ മാതൃഭാഷയിലൂടെ ആശയങ്ങൾ എളുപ്പത്തിൽ സ്വാംശീകരിക്കാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഹയർസെക്കണ്ടറിയിലെ പാഠപുസ്തകങ്ങളുടെ മലയാളപരിഭാഷ നിർവഹിച്ചു. 26 വിഷയങ്ങളിലായി 74 പുസ്തകങ്ങളുടെ പരിഭാഷ ഇതിനകം പൂർത്തിയായിട്ടുണ്ട്.

(30) കേരളത്തിലെ വിദ്യാലയങ്ങളിൽ ഒന്നാം ഭാഷയായി മലയാളം നിർബന്ധമാക്കിയതിനെ തുടർന്ന് പാഠപുസ്തകങ്ങളും മറ്റ് പഠനസാമഗ്രികളും തയ്യാറാക്കുമ്പോഴുള്ള റഫറൻസിനായി വിവിധ വിഷയങ്ങളിലെ സാങ്കേതികപദങ്ങളുടെ മലയാളപരിഭാഷ (സാങ്കേതികപദാവലി) തയ്യാറാക്കി എസ്.സി.ഇ.ആർ.ടി. വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തു.

**ഉത്തരവാദിത്ത ടൂറിസം മിഷൻ**

24 (*384) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ആന്റണി ജോൺ:
ശ്രീമതി ദെലീമ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കുന്ന പാക്കേജുകൾ എന്തൊക്കെയാണ്?

LIBRARY ARCHIVES Kerala Legislative Assembly

പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക, ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക, ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

ചെറുതും വലുതുമായ ഉത്തരവാദിത്ത ടൂറിസം അവബോധ ശില്പശാലകൾ; പരിശീലനങ്ങൾ; യൂണിറ്റ് രൂപീകരണം, അവയുടെ ഓൺലൈൻ രജിസ്ട്രേഷൻ; ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തൽ; വിവിധ എക്സ്പീരിയൻസ് ടൂർ പാക്കേജുകളുടെ രൂപീകരണം; അവയുടെ മാർക്കറ്റിംഗും പ്രൊമോഷനും; സംസ്ഥാനത്ത് ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക ജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി 'പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം' (പെപ്പർ); മാതൃകാ ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ; കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനോടൊപ്പംതന്നെ സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന എക്സ്പീരിയൻസ് എത്ത്നിക്/ലോക്കൽ ക്യുസീൻ നെറ്റ്‌വർക്ക് പദ്ധതി; ഗ്രാമീണ ടൂറിസം മേഖലയ്ക്ക് പ്രാധാന്യം നൽകികൊണ്ടുള്ള വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ.

(ബി) ആർ.ടി. മിഷന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകളുടെ ശൃംഖല രൂപീകരിച്ചിട്ടുണ്ടോ?

ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന യൂണിറ്റുകളെ വിവിധ വിഭാഗങ്ങളായി തിരിച്ച് നാല് ഓൺലൈൻ പ്ലാറ്റ്ഫോമുകളിലായി - കേരള ആർ.ടി. നെറ്റ്‌വർക്ക്, ആർ.ടി. ആർട്ടിസ്റ്റ് നെറ്റ്‌വർക്ക്, ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി, എക്സ്പീരിയൻസ് എത്തിക്/ലോക്കൽ ക്യുസീൻ നെറ്റ്‌വർക്ക് എന്നീ നെറ്റ്‌വർക്കുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) വിനോദസഞ്ചാര വികസനത്തിന്റെ സാമ്പത്തികഫലം ലഘുനിക്ഷേപത്തിന് മാത്രം കഴിവുള്ള പാവപ്പെട്ടവരിലേയ്ക്ക് വിശേഷിച്ചും സ്ത്രീകളിലേയ്ക്ക് എത്തിക്കുന്നതിന് ആർ.ടി. മിഷന് സാധിക്കുന്നുണ്ടോ; ഇതിനായി ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം മേഖലയിൽ പ്രാദേശിക ജനപങ്കാളിത്തം ഉറപ്പാക്കികൊണ്ട് ടൂറിസത്തിന്റെ ഗുണഫലങ്ങൾ പ്രാദേശിക ജനസമൂഹത്തിന് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കിവരുന്നത്. നിലവിലുള്ള സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട്, ഏറ്റവും കുറഞ്ഞ മുതൽമുടക്കിൽ ടൂറിസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്താനാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ പരിശീലനം നൽകുന്നത്. നിലവിലെ തൊഴിലും വരുമാനവും നിലനിർത്തിക്കൊണ്ട് തന്നെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളിലൂടെ അധിക വരുമാനം ലഭ്യമാക്കുക, അതിലൂടെ നമ്മുടെ കല, സംസ്കാരം, പാരമ്പര്യ തൊഴിലുകൾ, കരകൗശല വസ്തുക്കളുടെ നിർമ്മാണം, പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, പ്രാദേശിക ഭക്ഷണം സഞ്ചാരികൾക്ക് ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകൾ ചെയ്തുവരുന്നത്. സംസ്ഥാനത്ത് ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക ജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി 'പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആൻഡ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം' (പെപ്പർ); മാതൃകാ ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ; കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനോടൊപ്പംതന്നെ സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന എക്സ്പീരിയൻസ് എത്ത്നിക്/ലോക്കൽ ക്യൂസീൻ നെറ്റ്‌വർക്ക് പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ആകെയുള്ള 20019 യൂണിറ്റുകളിൽ 16013 (80%) എണ്ണം വനിതകളുടെ ഉടമസ്ഥതയിലുള്ളതോ വനിതകൾ നയിക്കുന്നതോ ആയ യൂണിറ്റുകളാണ്.

**ഓൺലൈൻ പഠന സൗകര്യങ്ങൾ**

25 (*385) ശ്രീമതി കെ. കെ. രമ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ടി. ജെ. വിനോദ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഞ്ച് ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് അടിസ്ഥാനസൗകര്യങ്ങളില്ലെന്ന് റിപ്പോർട്ടുകൾ പുറത്തുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ മുഴുവൻ വിദ്യാർത്ഥികൾക്കും അദ്ധ്യയനം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?